**B-812**

**ML 8201**

# വാർഷിക മൂല്യനിർണ്ണയം - 2016

## മലയാളം പേപ്പർ - II

## അടിസ്ഥാന പാഠാവലി

ക്ലാസ് : 8

സമയം : 1 1/2 മണിക്കൂർ — ആകെ സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.*
- *നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.*

1. ഉണ്മയുണ്മയിൽ ചേർന്നാൽ

   അടിവരയിട്ട പദത്തിന് സമാനമായ അർത്ഥം വരുന്ന പദം
   - സത്യം സത്യത്തിൽ
   - വെളുപ്പ് വെളുപ്പിൽ
   - ഒന്ന് ഒന്നിൽ
   - ചെറുത് വലുതിൽ (1)

2. 'എന്റെ കൂട്ടുകാർക്ക് ബോധം തെളിയാതെ ഞാൻ എങ്ങനെ പോകും' - ഭദ്രൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം ഈ വാക്കുകളിൽ നിന്ന് എങ്ങനെ വിലയിരുത്താം?
   - അമ്മ പറഞ്ഞതുപോലെ അനുസരിക്കുന്നവൻ
   - സ്വന്തം കാര്യം മാത്രം നോക്കുന്നവൻ
   - കൂട്ടുകാരില്ലാതെ യാത്രചെയ്യാൻ ഭയക്കുന്നവൻ
   - ആപത്തിൽപെടുന്ന സുഹൃത്തുക്കളെ കൈവെടിയാത്തവൻ (1)

3. "രണ്ടുമഴവില്ലുകൾക്കുടമസ്ഥയായി ഞാൻ" 'നനയാത്ത മഴ' എന്ന പാഠഭാഗത്തിൽ ലേഖിക പറയുന്ന രണ്ടുമഴവില്ലുകൾ ഏതൊക്കെ? (1)

4. ഞാനൊരു കളവു പറഞ്ഞു. 'എനിക്കു പറ്റീതൊന്നുംല്യ അവന്റെ കയ്യില്' കളവ് പറഞ്ഞത് ആര്? (1)

5. **മാതൃകപോലെ എഴുതുക**

   സ്നേഹപ്പൊരുൾ - സ്നേഹത്തിന്റെ പൊരുൾ

   വനഗായകൻ -

   കല്ല്യാണത്തലേന്ന് - (2)

6. പിരിച്ചെഴുതി വർണ്ണമാറ്റം കണ്ടെത്തുക. (2)

തലക്കെട്ട് - തല + കെട്ട് 'ക' കാരം ഇരട്ടിച്ചു.

വിണ്ടലം -

തിരുവോണം -

7. പട്ടിക ശരിയായ വിധത്തിൽ ക്രമപ്പെടുത്തി എഴുതുക. (4)

| കർത്താവ് | കൃതി | പ്രസ്ഥാനം |
|---|---|---|
| എം. ടി.വാസുദേവൻ നായർ | ഭൂമിഗീതങ്ങൾ | കവിതാ സമാഹാരം |
| പ്രിയ എ. എസ്സ് | മഞ്ഞമരങ്ങൾ | നോവൽ |
| വയലാ വാസുദേവൻപിള്ള | രണ്ടാമൂഴം | നാടകം |
| വിഷ്ണുനാരായണൻ നമ്പൂതിരി | തേൻകനി | കഥ |

8. "ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ട് തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതുതന്നെയാണ് സന്തോഷത്തിന്റെ രഹസ്യം."

- (ആൽകെമിസ്റ്റ് - പൗലോ കൊയ്‌ലോ)

"ഏതു ധൂസരസങ്കൽപ്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും"

(വിഷുക്കണി - വൈലോപ്പിള്ളി)

താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (4)

9. "വസ്ത്രം ആവശ്യത്തിനാണ് - ആഡംബരത്തിനല്ല" വർത്തമാനകാലത്ത് ആഡംബരഭ്രമം വരുത്തുന്ന സാമൂഹികമാറ്റങ്ങളെക്കുറിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക. (4)

10. "രാജാവിനെച്ചെന്നു സേവിച്ചു നിൽക്കയും
വ്യാജം പറഞ്ഞു പലരെച്ചതിക്കയും
കൈക്കൂലി മെല്ലെപ്പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരന്മാർക്കില്ല വാഞ്ഛിതം"

ഫലിത പരിഹാസങ്ങളും സാമൂഹ്യവിമർശനവുമാണ് നമ്പ്യാർ കവിതയെന്നു തെളിയിക്കുന്നതാണീ വരികൾ. നമ്പ്യാർ കവിത എല്ലാ കാലഘട്ടത്തിലും പ്രസക്തമാണ് എന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
വിശദീകരണക്കുറിപ്പ് തയ്യാറാക്കുക. (4)

11. പ്രയോഗഭംഗിയും ആശയവും വിശദീകരിക്കുക.

"കുഴിയാനയി, ലാടിൽ,
അണ്ഡകോടിയിൽ സ്നേഹ-
പ്പൊരുൾ തേടിന കൈയാൽ" (4)

12. 'നനയാത്ത മഴ' എന്ന പാഠത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (6)

13. "മറക്കുവാൻ പറയാൻ എന്തെളുപ്പം - മണ്ണിൽ
പിറക്കാതിരിക്കലാണതിലെളുപ്പം
മറവിതൻ മാറിടത്തിൽ മയങ്ങാൻ കിടന്നാലും
ഓർമ്മകളോടിയെത്തി ഉണർത്തീടുന്നു..."

- പി. ഭാസ്കരൻ

ഓരോ ഓർമ്മയും ഹൃദയത്തിൽ പതിഞ്ഞ ജീവിത ചിത്രങ്ങളാണ്. നിങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവം എഴുതുക. (6)